"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/154/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29-04-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലഹരിയ്ക്കെതിരെയുള്ള സംസ്ഥാന സർക്കാർ ക്യാമ്പയിനിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.1

**********************

സംസ്ഥാന സർക്കാർ 'ലഹരി വിരുദ്ധ കാമ്പയിൻ' ആരംഭിച്ചിരിക്കുകയാണ്. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും, ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സമിതികളുടെയും സഹകരണത്തോടെ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളും പങ്കാളികളാകണം. ഇത് സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം മദ്യപാനം, മയക്കുമരുന്ന് മുതലായവ ഉപയോഗിക്കുന്നതിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും പൊതുവായ ചുമതലയാണ്. അതുകൊണ്ടുതന്നെ സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ വിദ്യാർത്ഥികൾ, സ്ത്രീകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരുടെയും ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് സൂചന (1), (2) ഉത്തരവുകൾ പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതികാലയളവിലേക്ക് പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗരേഖകളുടെ ഖണ്ഡിക 6.3.15, 6.4 എ (10), 8.8.1 (3) എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളെ ശാക്തീകരിച്ച് പ്രസ്തുത ഗ്രൂപ്പുകളുടെ

മേൽനോട്ടത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ സംസ്ഥാന എക്സൈസ് വകുപ്പിന്റെ വിമുക്തി എന്ന ബോധവത്കരണ മിഷനുമായി സഹകരിച്ച് നടപ്പിലാക്കാവുന്നതാണെന്ന് ഖണ്ഡിക 6.4.എ(11) ലും വ്യക്തമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കേണ്ടതാണ്.

3. മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള ജെൻഡർ റിസോഴ്സ് സെന്ററുകൾ, ജെൻഡർ ഡെസ്കുകൾ, ജാഗ്രതാ സമിതികൾ എന്നിവ കാര്യക്ഷമമായി ഇടപെടേണ്ടതാണ്. അതുപോലെ തദ്ദേശഭരണസ്ഥാപനങ്ങളിലും കുടുംബശ്രീയിലും നിലവിലുള്ള വിമൻ ഫെസിലിറ്റേറ്റർമാരുടെ സേവനവും ബോധവത്കരണം, കൗൺസിലിംഗ്, പ്രത്യേക ഇടപെടലുകൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ഉന്നതികളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ സഹായത്തോടെയും മാർഗ്ഗനിർദ്ദേശത്തോടെയും നടപ്പിലാക്കേണ്ടതാണ്.

4. കായിക വിനോദങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും യുവാക്കളുടെയും കുട്ടികളുടെയും ഇടപെടൽ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രമം നടത്തണം. ഇതിനായി സൂചന (1), (2) മാർഗ്ഗരേഖകളുടെ ഖണ്ഡിക 8.11, 8.12 എന്നിവയിലും സൂചന (3) സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.7 ലും പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. പ്രദേശത്തെ യുവജന ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ലഹരി വിമുക്ത പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.

5. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പി.റ്റി.എ.യുടേയും സഹകരണത്തോടെ വിമുക്തിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവരുമായി ചേർന്നാണ് മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടത്. മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ മൂലമുള്ള പ്രശ്നങ്ങൾ ഗുരുതരമായിട്ടുള്ള സ്ഥലങ്ങൾ (Hotspot) എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽപ്പെടാത്ത എയ്ഡഡ് സ്ഥാപനങ്ങളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ചും ലഹരിക്കെതിരെയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

6. ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ ക്യാമ്പയിൻ പ്രവർത്തനവുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗരേഖ സർക്കാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖക്ക് അനുസൃതമായി തദ്ദേശഭരണസ്ഥാപനങ്ങൾ ക്യാമ്പയിൻ പ്രവർത്തനങ്ങളിലെ പങ്കാളിത്ത രീതി ക്രമപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 5.00 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് പരമാവധി 7.00 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പരമാവധി 10.00 ലക്ഷം രൂപയും ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട് ഉപയോഗിക്കണം. തനത് ഫണ്ടില്ലെങ്കിൽ വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതാണ്. ആവശ്യമായ ഘട്ടങ്ങളിൽ ജില്ല പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പങ്കാളിത്തവും പ്രയോജനപ്പെടുത്തേണ്ടതാണ്.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
16. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. ഡയറക്ടർ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. എക്സൈസ് വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-04-2025 07:09:26

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്